**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6664** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗര വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗര വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; ഈ പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (എ) | **ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗരവികസന പദ്ധതിക്ക് കിഫ്ബിയിൽ നിന്ന് 26.02.2021-ൽ 39.024 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ആയതിൽ 2.63 കോടി രൂപ സ്ഥലമേറ്റെടുക്കലിനായി വകയിരുത്തുകയും ചെയ്തിരുന്നു. സ്ഥലമേറ്റെടുക്കൽ ഒഴിവാക്കി നിലവിലെ രീതിയിൽ നവീകരണ പ്രവർത്തനം നടത്തുവാൻ നഗരസഭ തീരുമാനിച്ചതിനെത്തുടർന്ന് 05.01.2023-ൽ 37.97 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി പദ്ധതി 10.01.2023-ൽ ടെണ്ടർ ചെയ്യുകയും 30.01.2023-ൽ ടെക്നിക്കൽ ബിഡ് തുറക്കുകയും ചെയ്തു. 22.02.2023-ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റിയിൽ ടെക്നിക്കൽ ബിഡിന് അംഗീകാരം നൽകുകയും 24.02.2023-ൽ PRICE ബിഡ് തുറക്കുകയും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് പ്രൈസ്സ് സോഫ്റ്റ്വെയർ മുഖേന negotiation നൽകുകയും ചെയ്തു. Negotiation ലഭിച്ചതിനുശേഷം ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതും അംഗീകാരം ലഭ്യമായാൽ കിഫ്ബിയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിലേർപ്പെടുന്നതുമാണ്. 18 മാസമാണ് നിർമ്മാണകാലാവധി.** |

സെക്ഷൻ ഓഫീസർ